കേരള സർക്കാർ

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - ഡി) വകുപ്പ്

സർക്കുലർ

നമ്പർ. 59/2011/ധന

തീയതി, തിരുവനന്തപുരം, 7.9.2011

വിഷയം:- ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുസരിച്ചുള്ള സ്ഥാപനങ്ങളുടെ ഓഡിറ്റ് കൃത്യമായി നടത്തുകയും അത് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ - സംബന്ധിച്ച്.

സൂചന:- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2010-11) 31-ാമത് റിപ്പോർട്ടിലെ ശുപാർശ

സർക്കാരിന്റെ ഗ്രാന്റും മറ്റു ധനസഹായവും ഉപയോഗിച്ച് പ്രവർത്തിക്കുന്ന, KHRWS, നിർമിതി കേന്ദ്രങ്ങൾ പോലുള്ള പല സ്ഥാപനങ്ങളുടെയും കണക്കുകൾ ഓഡിറ്റ് ചെയ്യുന്നില്ലെന്നും പൊതു പണം വിനിയോഗിക്കുന്നത് പരിശോധിക്കപ്പെടാതെ പോയാൽ അത് ദുർവിനിയോഗത്തിനും അഴിമതിക്കും വകവെയ്ക്കുമെന്നതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് അനുസരിച്ച് ചുമതലപ്പെടുത്തപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും ആഡിറ്റ് കൃത്യമായി നടത്തുകയും ആയത് സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതിന് വേണ്ട നടപടി ധനകാര്യ വകുപ്പിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്തിരിക്കുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിധിയിൽ വരുന്നതും പിന്നീട് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ സ്ഥാപനങ്ങളുടെ ആഡിറ്റ് നടത്തുന്നതിന് വാർഷിക കണക്കുകൾ ബന്ധപ്പെട്ട സ്ഥാപനാധികാരികൾ നൽകണമെന്നും അല്ലാത്ത പക്ഷം ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ഒൻപതാം വകുപ്പ് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഉത്തരവാകുകയും ചെയ്യുന്നു.

എ. ബഷീർ അഹമദ്
ധനകാര്യ അഡീഷണൽ സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പ്.

സെക്രട്ടറി, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന)
പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുളള എല്ലാ ലോക്കൽ ബോഡികൾക്കും / ലോക്കൽ ഫണ്ടുകൾക്കും
(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.